"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020-ലെ പൊതുതെരഞ്ഞെടുപ്പ് - തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ - ഉദ്യോഗസ്ഥരെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2220/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 സ.ഉ.(സാധാ).നം.1486/2020/ത.സ്വ.ഭ.വ, തീയതി, 10/08/2020.

2 സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 18.11.2020 തീയതിയിലെ ബി1/33870/2020/സം.തി.ക നമ്പർ കത്ത്.

**ഉത്തരവ്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 152-ാം വകുപ്പ് പ്രകാരം ഒരു ജില്ലാ പഞ്ചായത്തിന്റെയോ, ബ്ലോക്ക് പഞ്ചായത്തിന്റെയോ, ഗ്രാമ പഞ്ചായത്തിന്റെയോ ആദ്യയോഗം വിളിച്ചുകൂട്ടുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ ഒരു അംഗത്തെ നാമനിർദ്ദേശം ചെയ്യുന്നതിനും, ആ അംഗത്തിന്റെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ട ആവശ്യത്തിലേക്കും പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റിന്റെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ട ആവശ്യത്തിലേക്കും അതത് പഞ്ചായത്തിലേക്കുള്ള 2020-ലെ പൊതു തെരഞ്ഞെടുപ്പിന്റെ വരണാധികാരികളായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരെ, നാമനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**അഡിഷണൽ സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Pradeesh Kumar M K
Date: 2020.11.24 17:04:13 IST
Reason: Approved

സെക്ഷൻ ഓഫീസർ